കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

ചോക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.26/1948/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

മലപ്പുറം

തിയ്യതി.13-10-17

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

ചോക്കാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചോക്കാട് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക

വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ച

തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.26/1948/2017 തിയ്യതി: 13-10-17

<u>മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 28.11.2016 മുതൽ 03.08.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ഷാജഹാൻ.എ.എസ്, ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 04-08-2017 മുതൽ 17-08-2017വരെ

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

| | |
|---|---|
| ശ്രീ.സതീഷ് .എം.പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. വേലായുധൻ .കെ.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സുജാത .എം | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. ഷാഹിനാ ഗഫൂർ | 01.04.2016 മുതൽ 19.10.2016 വരെ |
| ശ്രീമതി. റസീന .എം<br>(പ്രസിഡന്റിന്റെ അധിക ചുമതല ) | 20.10.2016 മുതൽ 08.11.2016 വരെ |
| ശ്രീമതി. അന്നമ്മ മാത്യു | 09.11.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. സിദ്ദീക്ക് വടക്കൻ | 01.04.2016 മുതൽ 30.11.2016 വരെ |
| ശ്രീമതി. രേഖ .കെ (സെക്രട്ടറിയുടെ അധിക ചുമതല ) | 01.12.2016 മുതൽ 04.12.2016 വരെ |
| ശ്രീ. സത്യകുമാരൻ .കെ.കെ | 05.12.2016 മുതൽ 31.03.2017വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി. രേഖ .കെ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. സുബിൻ .എസ്.ജെ | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. അൻവർ.കെ.പി | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. ജോർജ്ജ് മാന്വൽ | 01.04.2016 മുതൽ 31.05.2016 വരെ |
| | ശ്രീമതി. സൂസമ്മ തോമസ് | 01.06.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. കേശിനി .വി.കെ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ബിനു.പി.ടി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ | ഡോ. ആയിഷ ഹുസ്ന നാനേക്കൽ | 01.04.2016 മുതൽ 08.06.2016 വരെ |
| | ഡോ. മഞ്ജു. എസ്<br>(അധിക ചുമതല ) | 09.06.2016 മുതൽ 17.07.2016 വരെ |
| | ഡോ.സാബിറ .കെ.പി<br>(അധിക ചുമതല ) | 18.07.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സൈനബ.എ | 01.04.2016 മുതൽ 31.03.2017 വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ശ്രീജ .കെ.വി | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ. സുനിൽ .എ.ആർ | 01.04.2016 മുതൽ 22.11.2016 വരെ |
| | ശ്രീ. ജയപ്രകാശ് .കെ.വി | 23.11.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം.


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | ഡി & ഒ ലൈസൻസ് - വിവിധ അപാകതകൾ | 2-1 | |
| 13 | വസ്തു നികുതി അപാകതകൾ | 2-2 | |
| 14 | ലീസിനത്തിലെ കുടിശ്ശിക പിരിച്ചെടുത്തില്ല | 2-3 | |
| 15 | തൊഴിൽ നികുതി അപാകതകൾ | 2-4 | |
| 16 | ഇടപാടുകളില്ലാത്ത അക്കൗണ്ടുകളിൽ വർഷങ്ങളായി മുടങ്ങികിടക്കുന്നത് ലക്ഷങ്ങൾ. | 2-5 | |
| 17 | ടെണ്ടർ ഫോം വില പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരാത്തത് | 2-6 | |
| | ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 18 | മഴക്കാല പൂർവ്വരോഗ പ്രതിരോധ പ്രവർത്തനങ്ങൾ--തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല. | 3-1 | |
| 19 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 3-2 | |
| 20 | ലൈബ്രറി സെസ്സ് അടവാക്കുന്നതിൽ കാലതാമസം | 3-3 | |
| 21 | പോഷകാഹാര വിതരണ പരിപാടി--ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അധിക നിരക്കിൽ നൽകി. | 3-4 | |

| | | | |
|---|---|---|---|
| 22 | അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം-ഗുണമേൻമ പരിശോധന നടക്കുന്നില്ല. | 3-5 | |
| 23 | കാർഷിക പ്രവർത്തനങ്ങൾ--മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയില്ല. | 3-6 | |
| 24 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി--മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 3-7 | |
| 25 | ആശ്രയ പദ്ധതി | 3-8 | |
| 26 | മരാമത്ത് പ്രവർത്തി - അപാകതകൾ. | 3-9 | |
| 27 | എസ്റ്റിമേറ്റ് തയ്യാറാക്കാതെയും മൂല്ല്യനിർണ്ണയനം നടത്താതെയും മരാമത്ത് പ്രവർത്തി നടപ്പാക്കിയത് | 3-10 | |
| 28 | മരുന്നുകൾ വാങ്ങിയത് -രേഖകൾ ഹാജരാക്കേണ്ടതാണ്. | 3-11 | |
| 29 | മരുന്നുകൾ മുഴുവനായും ലഭ്യമാക്കാത്തത് | 3-12 | |
| 30 | പരിരക്ഷ പദ്ധതി - മാർഗ്ഗ രേഖ പാലിക്കാത്തത് | 3-13 | |
| 31 | റി -ഇൻഫോഴ്സ്മെന്റ് അനുവദിച്ചതിൽ -അപാകത | 3-14 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 35 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ പുതുക്കിയ ബജറ്റ് 21.03.2017 ലെ PR 7-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 01.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ / തിയതി |
|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച തിയതി | |
| 2016-17 | 11.08.2017, 14.08.2017 | ഇതേ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

വാർഷിക കണക്കിലെ അപാകതകൾ

2016-17 വർഷത്തെ വരവ് ചെലവ് കണക്കുകളിലെ അപാകതകൾ താഴെ ചേർക്കുന്നു.

1). വസ്തു നികുതി ഡിമാന്റ് /കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

2).2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 58 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3).വസ്തു നികുതി ഇനത്തിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കും സമർപ്പിച്ച വസ്തു നികുതി ഡി.സി.ബി പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4). പഞ്ചായത്തിന് പിരിഞ്ഞു കിട്ടാനുള്ളവയിൽ ലഭ്യത സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17473254.40 |
| വരവ് | 59648724 |
| ആകെ | 77121978.40 |
| ചെലവ് | 54938178 |
| നീക്കിയിരുപ്പ് | 22183800.40 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരമുള്ളത്)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | ചെലവ് ശതമാനം | നീക്കി ബാക്കി **RP 40(b)** പ്രകാരം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 15636657 | 15636657 | 12950524 | 2686133 | 83% | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4509150 | 4509150 | 2847572 | 1661578 | 63 % | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 1098150 | 1098150 | 631825 | 466325 | 56 % | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 3817815 | 3817815 | 2147787 | 1670028 | 56 % | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 4176801 | 4176801 | 2656315 | 1520486 | 64% | 0 |

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | ചെലവ് ശതമാനം | നീക്കി ബാക്കി **RP 40(b)** പ്രകാരം |
|---|---|---|---|---|---|---|---|
| 13 -ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 8769347 | 8769347 | 5076877 | 3692470 | 58 % | 0 |
| പെർഫോർമൻസ് ഗ്രാന്റ് (സെൻട്രൽ) | 0 | 2850000 | 2850000 | 2573770 | 276230 | 90.00% | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | 1975.5 | 10370265 | 10372240.5 | 10369637 | -- | 99.90% | 2603.5 |
| ബി ഫണ്ട് | 0 | 44947760 | 44947760 | 44947760 | 0 | 100% | 0 |

## **1-6** <u>പദ്ധതി അവലോകനം.</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 48959459 | 111 | 31425989 | 0 | 59 | 65.30% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.</u>

ഇല്ല.

## **1-7** <u>തനത് വരുമാനം.</u>

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | 2015-16 | 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2872459 | 4713543 | (+) 1841084 | (+) 64 % |
| നികുതിയേതര വരവുകൾ | 344075 | 453712 | (+) 109637 | (+) 32% |
| മറ്റുവരവുകൾ | 173899 | 163345 | (-) 10554 | (-) 6% |
| ആകെ | 3390433 | 5330600 | (+) 1940167 | (+)57 % |

## **1-8** <u>ക്ഷേമപദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 296760 | 189 |
| കർഷകതൊഴിലാളി പെൻഷൻ | 1589000 | 160 |
| വിധവാ പെൻഷൻ | 17648600 | 1578 |

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 20562600 | 1893 |
| വികലാംഗ പെൻഷൻ | 3757200 | 384 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 548600 | 50 |
| വിവാഹ ധനസഹായം | 510000 | 17 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.08.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4269/- രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഇല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.07.2017 & 11.07.2017 | 01.03.2017 മുതൽ 30.06.2017 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.12.2013 | 2008 - 09 മുതൽ 2012 - 13 വരെ | 05.02.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് - വിവിധ അപാകതകൾ

ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡി & ഒ ലൈസൻസ് എടുക്കേണ്ട എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി കൃത്യമായ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആയത് കാലികമാക്കേണ്ടതുമാണ്. വസ്തു നികുതി രജിസ്റ്റർ പ്രകാരം വാണിജ്യ ആവശ്യങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

2. ലൈസൻസ് ഫീസ് കുറവായി ഈടാക്കി - പഞ്ചായത്തിന് 2400 രൂപ നഷ്ടം

2016-17 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവു വന്നതിലൂടെ ഗ്രാമപഞ്ചായത്തിന് 2700 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേരും വിലാസവും | | ഒരു ദിവസത്തെ വിറ്റുവരവ്/ യന്ത്രത്തിന്റെ കുതിര ശക്തി (അപേക്ഷ | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | പ്രകാരം) | | | |
| 1 | പി.റഹ്മാൻ സക്കീർ, റബ്ബർ ഫർണിച്ചർ നിർമ്മാണം | 300 HP | 3000 ( 2000 + 100x10) | 1000 രശീതി നം.11603101933/ 17-02-16 | 2000 |
| 2 | മുത്തുക്കോയ തങ്ങൾ, റബ്ബർ ഷീറ്റ് വ്യാപാരം ലൈസൻസ് നം. 53/16-17 | 15000/- | 300 | 200 | 100 |
| 3 | മാവേലി സ്റ്റോർ, ചോക്കാട് | 20000/- | 500 | 200 രശീതി നം.11603100562/ 15-06-16 | 300 |
| ആകെ | | | | | 2400/- |

ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവുവന്ന 2400 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

3. പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന് ഡി & ഒ ലൈസൻസ് അനുവദിച്ചു.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1ൽ സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസത്തിൽ കുറയാത്ത കാലയളവിനുമുമ്പായി 200 രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ചട്ടം 5 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ൽ 50 രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ ടി.ടി.എം ഔഷധശാല, പുല്ലങ്കോട് എന്ന പാരാമെഡിക്കൽ സ്ഥാപനത്തിന് പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. പാരാമെഡിക്കൽ രജിസ്ട്രേഷൻ കൂടാതെ ലൈസൻസ് അനുവദിച്ചതിനും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്, ആയുർവേദ മരുന്ന് വിൽപ്പന മാത്രമാണ് ടി സ്ഥാപനത്തിൽ നടക്കുന്നതെന്നും ആയതിനാലാണ് ഡി & ഒ ലൈസൻസ് മാത്രം അനുവദിച്ചത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയത് അംഗീകരിക്കാവുന്നതല്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ രണ്ട് അർദ്ധ വർഷങ്ങളിലും ഡോക്ടർ, ഫാർമസിസ്റ്റ് അടക്കം നാല് ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്.

4.ലൈസൻസ് ഇഷ്യൂ ചെയ്യുന്നില്ല.

ലൈസൻസിനായി അപേക്ഷിക്കുന്നവരിൽ നിന്നെല്ലാം ലൈസൻസ് ഫീസ് ഈടാക്കുകയും പിന്നീട് ലൈസൻസ് ആവശ്യപ്പെടുന്നവർക്കുമാത്രം ഇഷ്യൂ ചെയ്യുന്ന രീതിയാണ് തുടരുന്നത്. ആയത് ക്രമപ്രകാരമല്ല. ലൈസൻസിനായി അപേക്ഷിച്ച അബ്ദുൾ ബഷീർ .കെ (അപേക്ഷ നം. 179/14.12.2016 ) ൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

## 2-2 വസ്തു നികുതി അപാകതകൾ

ഓഡിറ്റിന് ലഭ്യമാക്കിയ വസ്തു നികുതിയുടെ തന്നാണ്ട് /കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിലെ (സഞ്ചയ) വിവരങ്ങൾ 2016-17 വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | ഡി.സി.ബി പത്രിക പ്രകാരമുള്ള തുക |
|---|---|---|
| അരിയർ ഡിമാന്റ് | 1074811 (2015-16 AFS ബാലൻസ് ഷീറ്റ് പ്രകാരം ) | 1340693 |
| അരിയർ കളക്ഷൻ | 1274890 | 1281605 |
| നീക്കിയിരിപ്പ് | ഇല്ല | 85258 |
| തന്നാണ്ട് ഡിമാന്റ് | 24404415 | 2505744 |
| തന്നാണ്ട് കളക്ഷൻ | 2243233 | 2237560 |
| നീക്കിയിരിപ്പ് | 150349 | 59992 |

വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കാനുള്ള തുകയിൽ വ്യക്തത വരുത്തി, അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ലീസിനത്തിലെ കുടിശ്ശിക പിരിച്ചെടുത്തില്ല

2014-15 വർഷത്തിൽ പഞ്ചായത്ത് പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകിയ വകയിൽ 4912/- രൂപ പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്നു. സർക്കുലർ നമ്പർ 41630/ആർ.സി.4/2014/ത.സ്വ.ഭ.വ തി.25.09.14 പ്രകാരം നിലവിലുള്ള പാട്ടക്കരാർ റദ്ദ് ചെയ്യാനുള്ള നിർദ്ദേശത്തെ തുടർന്ന് പാട്ടം നിർത്തലാക്കി. എന്നാൽ ടി തുക ഓഡിറ്റ് തിയതി വരേയും പിരിച്ചെടുത്തതായി കാണുന്നില്ല. 2013-14 വർഷത്തെ ഡിമാന്റ് തുകയിൽ പിരിച്ചെടുക്കാൻ അവശേഷിച്ച ഈ തുക 2014-15, 2015-16, 2016-17 വർഷങ്ങളിൽ കിട്ടാനുള്ള ആസ്തിയായി വാർഷിക കണക്കിൽ തുടരുകയാണ്. പഞ്ചായത്തിന് ലഭിക്കാനുള്ള തുക ആവശ്യമായ നടപടി സ്വീകരിച്ച്, തുക അടവാക്കുന്നതിൽ വീഴ്ച വരുത്തിയവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി അപാകതകൾ

1.തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് .

2016-17 രണ്ടാം അർദ്ധ വർഷത്തിൽ ജമീല .സി (ഒ.എ, ജി.എച്ച്.എസ്.എസ് പുല്ലങ്ങോട്) ൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ (അർദ്ധ വാർഷിക വരുമാനം 134505/-, അടവാക്കിയ നികുതി 1000/-, രശീതി നം.11603103853/23-02-17) 250/- രൂപ കുറവു വന്നതായി കാണുന്നു. ആയത് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

2.തൻവർഷം ഡി & ഒ ലൈസൻസ് നൽകിയ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ലൈസൻസ് നം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | എം.വി.സോമിൽ | 61/16-17 | 4 |
| 2 | പി.കെ. വുഡ് ഇൻഡസ്ട്രീസ് (എക്സ്പോർട്ട് ഡിവിഷൻ ) | 03/16-17 | 6 |

തൻവർഷം ഡി & ഒ ലൈസൻസ് നൽകിയ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി റിട്ടേൺ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

3. ചോക്കാട് കൃഷിഭവനിൽ 2016-17 ൽ കാഷ്വൽ സ്വീപ്പർമാർ ജോലി ചെയ്തിട്ടുണ്ടെങ്കിലും സ്ഥാപനം സമർപ്പിച്ച റിട്ടേണിൽ അവരുടെ അർദ്ധ വാർഷിക വരുമാനം രേഖപ്പെടുത്തുകയോ തൊഴിൽ നികുതി അടവാക്കുകയോ

ചെയ്തിട്ടില്ല. അർദ്ധ വാർഷിക വരുമാനത്തിന് ആനുപാതികമായുള്ള തൊഴിൽ നികുതി ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (6/14.08.2017) ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.

## 2-5 ഇടപാടുകളില്ലാത്ത അക്കൗണ്ടുകളിൽ വർഷങ്ങളായി മുടങ്ങികിടക്കുന്നത് ലക്ഷങ്ങൾ.

1. ഗ്രാമപഞ്ചായത്തിന്റെ വിവിധ പദ്ധതികൾക്കായി ലഭിച്ച ഫണ്ട്, പദ്ധതി പൂർത്തിയാക്കാതെ/പൂർത്തീകരണം കഴിഞ്ഞിട്ടും, ബാലൻസ് തുക തിരിച്ചടവാക്കാതെ ബാങ്ക് അക്കൗണ്ടുകളിൽ മുടങ്ങികിടക്കുന്നതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ബാങ്ക് അക്കൗണ്ട് | നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|
| PNB Plan Old<br>അക്കൗണ്ട് നം. 8826<br>PNB കാളികാവ് | 29970/-<br>(05-03-2017ന്) | അക്കൗണ്ടിൽ നിന്നുള്ള അവസാന ഇടപാട് 07.04.2009നാണ് നടന്നത്. 1914592 രൂപ പിൻവലിച്ചതായി കാണുന്നു. |
| SMGB Plan Old<br>അക്കൗണ്ട് നം. 7054<br>കെ.ജി.ബി. ചോക്കാട് | 533967/-(31-03-2017ന്) | 20.06.2005 ൽ അക്കൗണ്ട് ആരംഭിച്ചു. നിലവിൽ ഇടപാടുകൾ നടക്കുന്നില്ല. |
| SSA<br>അക്കൗണ്ട് നം. 7270<br>കെ.ജി.ബി. ചോക്കാട് | 178005/-<br>(31-03-2017ന്) | അക്കൗണ്ടിൽ നിന്നുള്ള അവസാന ഇടപാട് നടന്നത് 21.03.2013നാണ് . |

2. ചോക്കാട് ഗ്രാമ പഞ്ചായത്തിൽ വി.ഇ.ഒ മൂന്ന് അക്കൗണ്ടുകൾ നിലനിർത്തുന്നതായി കാണുന്നു. ഈ അക്കൗണ്ടുകൾ എന്ത് ആവശ്യത്തിനാണ് ആരംഭിച്ചതെന്ന വിവരം ലഭ്യമല്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| അക്കൗണ്ട് നം | നീക്കിയിരുപ്പ് / | റിമാർക്സ് |
|---|---|---|

| | തിയതി | |
|---|---|---|
| 2121 ചോക്കാട് സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 158510/- 31.03.2016 | 29.07.2010 ന് അക്കൗണ്ട് ആരംഭിച്ചു. |
| 6554, KGB ചോക്കാട് | 104051/- 02.02.2015 | 31.03.2003 ന് അക്കൗണ്ട് ആരംഭിച്ചു. |
| 8378, KGB ചോക്കാട് | 44453/- 02.05.2016 | 28.10.2009 ന് അക്കൗണ്ട് ആരംഭിച്ചു. |

മേൽപ്പറഞ്ഞ അക്കൗണ്ടുകളിലെ തുകകൾ ബന്ധപ്പെട്ട ഹെഡുകളിലേക്ക് തിരിച്ചടവാക്കി, അക്കൗണ്ട് ക്ലോസ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മുൻ റിപ്പോർട്ടിലും ഇക്കാര്യം സൂചിപ്പിച്ചിരുന്നെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

## 2-6 ടെണ്ടർ ഫോം വില പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരാത്തത്.

നിർവഹണ ഉദ്യോഗസ്ഥൻ-അസി.എഞ്ചിനിയർ

അസി.എഞ്ചിനിയർ നിർവഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേനയാണ് കരാറുകാരനെ തെരഞ്ഞെടുത്തിട്ടുള്ളത്. കരാറുകാർ സൈറ്റിൽ നിന്നും ടെണ്ടർ ഫോം ഡൗൺലോഡ് ചെയ്യുന്നതോടൊപ്പം ഫോമിന്റെ വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുണ്ടെങ്കിലും ഈ തുക നാളിതുവരെ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലോ അസി.എഞ്ചിനിയറുടെ അക്കൗണ്ടിലോ അടവ് വന്നതായി കാണുന്നില്ല.

| പ്രവർത്തിയുടെ വിവരം | ടെണ്ടറിൽ പങ്കെടുത്തവർ | ഫോം വില | ആകെ വില |
|---|---|---|---|
| പഞ്ചായത്ത് പുതിയ കെട്ടിടത്തിന് ഫാൾസ് സീലിംഗ് നിർമ്മാണവും അനുബന്ധ പ്രവർത്തികളും<br>പ്രൊജക്റ്റ് -167/16<br>അടങ്കൽ – 149299 | 1 | 300+15 Vat | 300+15 |
| പഞ്ചായത്ത് ഫ്രണ്ട് ഓഫീസിന് കെട്ടിട നിർമ്മാണം<br>പ്രൊജക്റ്റ് -157/16<br>അടങ്കൽ – 1160908 | 3 | 2500+125 vat | 5000+250 |
| മാളിയെക്കൽ വെറ്റ്നറി സബ് സെന്ററിന് കെട്ടിട നിർമ്മാണം<br>പ്രൊജക്റ്റ് -165/16<br>അടങ്കൽ – 1493876 | 3 | 2500+125 | 5000+250 |

ടെണ്ടർ ഫോമിന്റെ വില നാളിതുവരെ പഞ്ചായത്ത്ഫണ്ടിൽ ഒടുക്ക് വരുത്താതിന് സ്വീകരിച്ച നടപടികൾ

അറിയിക്കാൻ ഓഡിറ്റ് എൻക്വയറി മുഖേനെ ആവശ്യപ്പെട്ടുവെങ്കിലും യാതൊരു മറുപടിയും ഹാജരാക്കിയില്ല. മേൽ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മഴക്കാല പൂർവ്വരോഗ പ്രതിരോധ പ്രവർത്തനങ്ങൾ--തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.

വൗച്ചർ നം.21600113/31.5.16---180000

മഴക്കാല പൂർവ്വ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി ഒരു വാർഡിന് 10000 രൂപ (തനത് ഫണ്ട്) പ്രകാരം 18 വാർഡുകൾക്കുള്ള തുക മേൽപ്പറഞ്ഞ പ്രകാരം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ക്ക് നൽകിയിട്ടുണ്ട്. സ.ഉ (സാധാ) നം.1724/16 തസ്വഭവ 23.5.16 പ്രകാരം ശുചിത്വമിഷൻ ഗ്രാന്റ് ലഭിക്കാൻ വൈകുമെന്നതിനാൽ ലഭിക്കുന്ന മുറക്ക് തിരികെ വകയിരുത്താമെന്ന നിബന്ധനയിൽ തനത് ഫണ്ട്/വികസനഫണ്ട് ചെലവഴിക്കാൻ അനുമതി നൽകിയിരുന്നു. ഇതനുസരിച്ചാണ് മേൽപ്പറഞ്ഞ പ്രകാരം തുക തനതുഫണ്ടിൽ നിന്നും നൽകിയത്. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. തുകയുടെ വിനിയോഗ വിവരവും ശുചിത്വമിഷൻ ഗ്രാന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിച്ചതിന്റെ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. 180000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

### 3-2 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

2016-17 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലേക്ക് വിവിധ ആവശ്യങ്ങൾക്കായി തുക നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| വൗച്ചർ നം./തീയതി | തുക | സ്ഥാപനം |
|---|---|---|
| 216007509/27.10.16 | 1800000 | SSA വിഹിതം (ജനറൽ) |
| 21600510/27.10.16 | 200000 | SSA വിഹിതം (എസ്.സി.) |
| 21600831/09.03.17 | 150000 | PMAY- അധിക വിഹിതം (കാളികാവ് ബ്ലോക്ക് പഞ്ചായത്ത്) |
| ആകെ | 2150000 | |

ഈ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 2150000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

### 3-3 ലൈബ്രറി സെസ്സ് അടവാക്കുന്നതിൽ കാലതാമസം

വൗച്ചർ നം.21600493/21.10.17---126546

ലൈബ്രറി സെസ്സ്--2015-16 രണ്ടാം അർദ്ധ വർഷം--64273

ലൈബ്രറി സെസ്സ്--2016-17 ഒന്നാം അർദ്ധ വർഷം--62273

സർക്കുലർ നം.10088/എൽ3/05/തസ്വഭവ.തീ.20.09.2005 പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30നകവും രണ്ടാമത്തെ ഗഡു നവംബർ 30നകവും അടക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരം സെസ്സ് അടവാക്കിയതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിച്ച് ലൈബ്രറി സെസ്സ് അടവാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്.

### 3-4 പോഷകാഹാര വിതരണ പരിപാടി--ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അധിക നിരക്കിൽ നൽകി.

അംഗൻവാടി പോഷകാഹാര വിതരണ പരിപാടിയിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് കിലോക്ക് 1.65 എന്ന നിരക്കിൽ നൽകിയതായി കാണുന്നു. ജി.ഒ.(ആർ.ടി)883/2011/ത.സ്വ.ഭ.വ./26.03.2011 പ്രകാരം ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് കിലോക്ക് 50 പൈസയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ നിരക്കിൽ എത്തിക്കാൻ പ്രയാസമാണെങ്കിൽ നിർവ്വഹണോദ്യോഗസ്ഥന് ക്വട്ടേഷൻ ക്ഷണിക്കാവുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആളുടെ ക്വട്ടേഷൻ അംഗീകരിക്കാവുന്നതുമാണെന്നും ഉത്തരവിൽ പറയുന്നുണ്ട്. അധിക നിരക്കിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അനുവദിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| ബിൽ നം. തീയതി | അനുവദിച്ച തുക | ക്രമപ്രകാരം 50 പൈസ നിരക്കിൽ അനുവദിക്കാവുന്നത്. | തുക കൈപ്പറ്റിയ ആൾ |
|---|---|---|---|
| 1/16-17/28.09.16 | 25285 (15324 കി.ഗ്രാം) | 7662 രൂപ | ശ്രീ.മുസാഫിർ എ.എൻ |
| 2/16-17/23.11.16 | 22377 (13562കി.ഗ്രാം) | 7619 രൂപ | ശ്രീ.മുസാഫിർ എ.എൻ |
| 3/16-17/18.01.17 | 29271 (17740 കി.ഗ്രാം) | 13731 രൂപ | ശ്രീ.മുസാഫിർ എ.എൻ |

ക്വട്ടേഷൻ ക്ഷണിച്ചതിന്റെയോ, പഞ്ചായത്ത് തീരുമാനം കൈക്കൊണ്ടതിന്റെയോ രേഖകൾ ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/14.08.17) മറുപടിയായി 2015-16 ൽ ക്വട്ടേഷൻ അനുവദിച്ചയാൾക്ക് തന്നെ ഇതേ നിരക്കിൽ, പഞ്ചായത്ത് തീരുമാന പ്രകാരം ട്രാൻസ്പോർട്ടേഷനുള്ള അനുമതി നൽകിയതാണെന്ന് മറുപടി നൽകി. ഇത് ക്രമപ്രകാരമല്ല. ഓരോ വർഷവും പ്രത്യേകമായി ക്വട്ടേഷൻ ക്ഷണിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം-ഗുണമേൻമ പരിശോധന നടക്കുന്നില്ല.

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (2-11-12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2016-17 വർഷത്തിൽ ന്യൂട്രിമിക്സ്, വാങ്ങുന്നതിനായി 1389483രൂപ ചെലവഴിച്ചിട്ടുണ്ട്. 2016-17 ന് മുമ്പോ, ശേഷമോ ലാബ് പരിശോധനക്കുള്ള നടപടി സ്വീകരിച്ചതായി കാണുന്നില്ല. അൽ അമീൻ ന്യൂട്രിമിക്സ് യൂണിറ്റ്, കല്ലാമൂല എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് ഗുണമേൻമ പരിശോധിക്കാതെ ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. മാർഗ്ഗ നിർദ്ദേശം പാലിച്ച് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 കാർഷിക പ്രവർത്തനങ്ങൾ--മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്

<u>പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയില്ല.</u>

ജി.ഒ(എം.എസ്)4/2016 തസ്വഭവ 11.1.16—പദ്ധതി മാർഗ്ഗരേഖ പ്രകാരം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാധ്യതകളും പരിഗണിച്ചു കൊണ്ടായിരിക്കണം, കാർഷിക മേഖലയുടെ സമഗ്ര പരിപാടികൾക്ക് രൂപം നൽകേണ്ടത് എന്ന് നിഷ്കർഷിക്കുന്നുണ്ട്. നടീൽ, കൊയ്ത്ത്, വിളവെടുപ്പ് തുടങ്ങിയവ ഒഴികെയുള്ള പ്രവർത്തനങ്ങൾക്കെല്ലാം തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ഇതേ നമ്പർ സബ്സിഡി മാർഗ്ഗരേഖയിലും പറയുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2016-17 വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ടുകളിലൊന്നും ഈ മാർഗ്ഗനിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ഉദാഹരണമായി സമഗ്ര നെൽകൃഷി വികസനം, പച്ചക്കറി വികസനം എന്നിങ്ങനെ 2 പ്രോജക്ടുകൾ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയതിൽ, നിലമൊരുക്കുന്നത് ഉൾപ്പടെയുള്ള കാർഷിക പ്രവർത്തനങ്ങൾക്ക് കൂലിച്ചെലവായി, യഥാക്രമം 48744 രൂപ, 150000 രൂപ എന്നിങ്ങനെ ഗ്രാമ പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ഇതിനു പുറമേ ഗുണഭോക്താക്കൾ നേരിട്ടു ചെലവഴിക്കുന്ന തുകയും വരുന്നുണ്ട്. മേൽപ്പറഞ്ഞ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചിരുന്നെങ്കിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും, കർഷകരുടെ ചെലവ് പരമാവധി കുറക്കുന്നതിനും സാധിക്കുമായിരുന്നു. ഭാവിയിൽ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 3-7 <u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി--മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.</u>

2016-17 വർഷത്തിൽ 134 പ്രൊജക്ടുകളിലായി 9634349 രൂപ ചെലവഴിച്ചിട്ടുണ്ട്. 2016-17 വർഷത്തേക്കുള്ള തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം ഏറ്റെടുക്കാവുന്ന പ്രവൃത്തിയിനങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പൂർണ്ണമായി പാലിക്കാതെ പ്രവൃത്തികൾ ചെയ്തതായി കാണുന്നു. മുൻ വർഷങ്ങളിൽ ചെയ്തു വന്നിരുന്ന തൊഴിലാളികളുടെ ഭൂമിയിൽ കാർഷിക പ്രവർത്തനങ്ങൾ (തെങ്ങ്, റബ്ബർ എന്നിവയ്ക്ക് തടം തുറക്കൽ, മറ്റു പ്രവൃത്തികൾ തുടങ്ങിയവ) ഈ വർഷവും ചെയ്തിട്ടുണ്ട്. 55 പ്രവൃത്തികൾ ഇപ്രകാരം ചെയ്തിട്ടുണ്ട്. കാർഷിക പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള അപേക്ഷാ ഫോറത്തിൽ തൊഴിൽ കാർഡ് നമ്പർ കോളം മിക്കവയിലും പൂരിപ്പിച്ചിട്ടില്ല. ആയതിനാൽ തൊഴിൽ കാർഡ് ലഭിച്ചയാളാണോ അപേക്ഷകൻ എന്ന് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല. മിക്ക പ്രവൃത്തികളുടെയും മസ്റ്റർ റോളിൽ അപേക്ഷകൻ തൊഴിൽ ചെയ്തതായി കാണുന്നുമില്ല. പ്രകൃതി വിഭവങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ നാമമാത്രമായേ ചെയ്തിട്ടുള്ളൂ. കനാലുകളുടെയും തോടുകളുടെയും പരിപാലനവും പുനരുദ്ധാരണവും വകുപ്പുമായി കൂടിയാലോചിച്ച് ചെയ്യണമെന്ന നിർദ്ദേശം പാലിച്ചു കാണുന്നില്ല. തോടുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിലും വകുപ്പുമായി ബന്ധപ്പെട്ടതായി കാണുന്നില്ല. മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 <u>ആശ്രയ പദ്ധതി</u>

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടം മുഴുവൻ അടിസ്ഥാന, അതിജീവനാവശ്യങ്ങൾ നിറവേറ്റപ്പെടാതെ അവസാനിച്ചതായി മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. പദ്ധതിയുടെ ഒന്നാം ഘട്ടവും 2011ലെ പുന:പരിശോധന പ്രൊജക്ടും നടപ്പിലാക്കിയതിനു ശേഷവും പദ്ധതി അക്കൗണ്ടിൽ ഭീമമായ തുക നീക്കിയിരിപ്പുണ്ടായിരുന്നു. തുടർന്ന് പദ്ധതി 2016 വരെ നിശ്ചലമായി തുടർന്നു. ബാലൻസ് തുകയായ 3785097 രൂപ അടങ്കലിൽ 2016-19 കാലയളവിലേക്കായി തുടർസേവന പ്രൊജക്ട് തയ്യാറാക്കിയതിന് സ.ഉ (സാധാ) നം. 3287/16 /തസ്വഭവ/02.12.16 പ്രകാരം സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്. 2016-17 ൽ ഭക്ഷണത്തിനായി 66800 രൂപ ചെലവഴിച്ചതൊഴികെ മറ്റ് ചെലവുകളൊന്നും നടന്നിട്ടില്ല. 12.01.17 ന് 500000രൂപ വികസനഫണ്ട് വീണ്ടും പദ്ധതി നടത്തിപ്പിനായി ലഭിക്കുകയുണ്ടായി. പദ്ധതി നിഷ്ക്രിയാവസ്ഥയിൽ തുടരുമ്പോഴും ആവശ്യത്തിന് ഫണ്ട് ലഭ്യമായിരിക്കുമ്പോഴും വീണ്ടും വികസനഫണ്ട് പദ്ധതിക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. പദ്ധതിയുടെ രണ്ടാം ഘട്ടം ഓഡിറ്റ് തീയതി വരെ തുടങ്ങിയിട്ടില്ല. പദ്ധതി അക്കൗണ്ടിൽ (KGB, A/C No. 31636) 01.08.17 ന് 3907293 രൂപ നീക്കിയിരിപ്പുണ്ട്. ആവശ്യത്തിന് ഫണ്ട് ലഭ്യമായിരിക്കേ സമൂഹത്തിലെ ഏറ്റവും ദരിദ്രരും, അഗതികളുമായ ഗുണഭോക്താക്കളുടെ അടിസ്ഥാന, അതിജീവനാവശ്യങ്ങൾ നിറവേറ്റപ്പെടാതിരിക്കുന്നത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ പതിപ്പിക്കേണ്ടതാണ്.

## 3-9 മരാമത്ത് പ്രവൃത്തി - അപാകതകൾ.

നിർവഹണ ഉദ്യോഗസ്ഥൻ- അസി.എഞ്ചിനിയർ

ഓഡിറ്റ് വർഷം നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവൃത്തികളിൽ അപാകതകൾ കാണുന്നു.

| ക്രമ നമ്പർ | പദ്ധതി | വിശദ വിവരം | അപാകത |
|---|---|---|---|
| 1 | ചോക്കാട് ഗിരിജൻ കോളനി കുടിവെള്ള വിതരണ പദ്ധതി<br>project -173/16<br>agreement- 79/30-3-16<br>കൺവീനർ- സജിത്.ടി<br>M.B- 85/15-16<br>വൗച്ചർ - 65/31-3-17 | നിലവിലുള്ള കുടിവെള്ള പദ്ധതിയിൽ 15പുതിയ ടാപ്പുകൾ സ്ഥാപിക്കുന്നതിനാണ് പ്രവൃത്തി, എന്നാൽ 5 HP മോട്ടോറിന്റെ വിലയായി 78847രൂപ അംഗീകരിച്ചിട്ടുണ്ട്. | നിലവിലുള്ള കുടിവെള്ള പദ്ധതിയിൽ 15പുതിയ ടാപ്പുകൾ സ്ഥാപിക്കുന്നതിന് 5 HP മോട്ടോറിന്റെ ആവശ്യകതയില്ല. നിലവിലെ മോട്ടോർ സർവീസ് ചെയ്യാൻ കഴിയില്ലെന്നുള്ള മെക്കാനിക്കൽ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ സാക്ഷ്യപത്രം, പഴയ മോട്ടോറിന്റെ മൂല്യം, പഴയ മോട്ടോർ വില്പന നടത്തിയതിൽ ലഭിച്ച തുക എന്നിവ സംബന്ധിച്ച വിവരവം ലഭ്യമല്ല. |

| | | | |
|---|---|---|---|
| 2 | കുരിപൊയിൽ സ്കൂളിന് ചുറ്റുമതിൽ റിപ്പയർ<br>project -71/17<br>agreement-73/2-2-17<br>കൺവീനർ-സജിത്.ടി<br>M.B -56/16-17<br>വൗച്ചർ - 68/31-3-17 | സ്കൂളിന്റെ ചുറ്റുമതിലിന്റെ പൊളിഞ്ഞുപോയ ഭാഗം റിപ്പയർ ചെയ്യുന്നതാണ് പ്രവർത്തി. 6.63 m3 കരിങ്കൽ പടവിന് 2404.4/m3 നിരക്കിൽ 15941 രൂപയുടെ മൂല്യം ബില്ലിൽ അനുവദിച്ചിട്ടുണ്ട്. | പൊളിഞ്ഞുപോയ ഭാഗത്തിൽ നിന്നും ലഭ്യമായ കരിങ്കല്ലിന്റെ അളവ് കണക്കാക്കുകയോ ആയതിന്റെ വില ബില്ലിൽ കുറവ് ചെയ്യിട്ടില്ല. |

പരാമർശിച്ച അപാകതയ്ക്കുള്ള മറുപടി രേഖാമൂലം അറിയിക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് യാതൊരു മറുപടിയും ഹാജരാക്കിയില്ല. ചെലവ് തുക 94788 (78847 + 15941) രൂപ തടസം ചെയ്യുന്നു.

## 3-10 എസ്റ്റിമേറ്റ് തയ്യാറാക്കാതെയും മൂല്യനിർണ്ണയം നടത്താതെയും മരാമത്ത് പ്രവൃത്തി നടപ്പാക്കിയത്

നിർവഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (അലോപതി)

ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവൃത്തികൾ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായാണ് നടപ്പാക്കിയിട്ടുള്ളത്. മെഡിക്കൽ ഓഫീസറുടെ ജോലിയുമായി യാതൊരു വിധത്തിലും വൈദഗ്ധ്യം ഇല്ലാത്ത മരാമത്ത് പ്രവൃത്തികളാണ് ടി നിർവഹണ ഉദ്യോഗസ്ഥൻ മുഖേന നടപ്പാക്കിയിട്ടുള്ളത്. മേൽ പ്രവൃത്തികൾ അംഗീകരിച്ച പ്രൊജക്ടിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ആയതിനാൽ മേൽ പ്രവൃത്തികൾ നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തി എന്ന് കരുതാനാവില്ല. മറിച്ച് അംഗീകരിച്ച പ്രൊജക്ടിൽ ഉൾപ്പെട്ട മിച്ച ഫണ്ട് ഉപയോഗിച്ച് നിർവഹണ ഉദ്യോഗസ്ഥൻ ടി പ്രവൃത്തികൾ സ്വമേധയാ നടപ്പാക്കിയതായാണ് കാണുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | ആകെ പിൻവലിച്ച തുക | പ്രവൃത്തി, ചെലവ് തുക | ഏത് പ്രൊജക്ടിൽ ഉൾപ്പെടുത്തി |
|---|---|---|---|
| 9/31-3-17 | 207513 | ടൈൽ പതിക്കൽ-34424 | പരിരക്ഷ |
| 11/31-3-17 | 89450 | ടൈൽ പതിക്കൽ-32881 പെയിന്റിംഗ്-12033 | എ.സി.ഫിറ്റിംഗ്, കമ്പ്യൂട്ടറൈസേഷൻ ഓഫ് ഫാർമസി & അനുബന്ധ |

| | | | |
|---|---|---|---|
| | | ഇലക്ട്രിക്കൽ പ്രവൃത്തി – 8536 | ചെലവുകളും |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാതെ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിക്കുകയും, കരാറുക്കാരൻ ക്വോട്ട് ചെയ്ത തുക അതേപടി യാതൊരു തരത്തിലുള്ള റിക്കവറികളും കുറവ് ചെയ്യാതെ, മൂല്യം കണക്കാക്കാതെ കരാറുകാരന് അനുവദിക്കുകയാണ് നിർവഹണ ഉദ്യോഗസ്ഥൻ ചെയ്തിട്ടുള്ളത്. മരാമത്ത് പ്രവൃത്തി നടപ്പാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി, സാങ്കേതിക അനുമതി ലഭ്യമാക്കിയതിന് ശേഷം, മരാമത്ത് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം നിർവഹണം പൂർത്തിയാക്കി, മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ പൂർത്തിയാക്കി മാത്രം ബിൽ അനുവദിക്കാനാവൂ. ഗ്രാമ പഞ്ചായത്തിലെയും കൈമാറി കിട്ടിയ വകുപ്പുകളുടെ ഓഫീസുകളിലും മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിന് സാങ്കേതിക വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെ ഗ്രാമ പഞ്ചായത്തിൽ നിയമിച്ചിട്ടുമുണ്ട്. എന്നാൽ അംഗീകരിച്ച പ്രൊജക്ട് പോലുമില്ലാതെ ചുമതലപ്പെടുത്തിയ പ്രൊജക്ടിലെ മിച്ച ഫണ്ട് ഉപയോഗിച്ച് ഇത്തരത്തിൽ നിർവഹണം നടത്തിയത് നിർവഹണ ഉദ്യോഗസ്ഥന്റെ അധികാര ദുർവിനിയോഗവും പൊതുഫണ്ടിന്റെ ദുർവ്യയമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അപാകതക്ക് വ്യക്തമായ മറുപടി ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന്, ആവശ്യത്തിന് സമയം കിട്ടാത്തതിനാൽ പറ്റിയതാണെന്ന് അറിയിച്ചു. മറുപടി അംഗീകരിക്കാനാവില്ല. മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ച 87874 രൂപ തടസ്സം ചെയ്യുന്നു.

## 3-11 മരുന്നുകൾ വാങ്ങിയത് -രേഖകൾ ഹാജരാക്കേണ്ടതാണ്.

നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (അലോപ്പതി)

അലോപ്പതി മരുന്നുകൾക്കായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള തുക കാരുണ്യ ഹോസ്പിറ്റൽ ഫാർമസിക്ക് അടവാക്കിയിട്ടുണ്ടെങ്കിലും മരുന്ന് സപ്ലൈ ചെയ്തതിനുള്ള ഒറിജിനൽ ഇൻവോയ്സ്, സ്റ്റോക്ക് & ഇഷ്യൂ വിവരം കാണിക്കുന്ന രജിസ്റ്റർ എന്നിവ ഹാജരാക്കി കാണുന്നില്ല.

| ബിൽ നമ്പർ | തുക |
|---|---|
| 4/2-2-17 | 200000 |
| 9/31-3-17 | 94000 |
| 3/2-217 | 200000 |

അലോപ്പതി മരുന്നുകൾ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നേ വാങ്ങാവൂ എന്ന് സ.ഉ(എം.എസ്) നമ്പർ 4/2016/ തസ്വഭവ11-1-2016 ഖണ്ഡിക 7.4 ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. മരുന്നുകളുടെ ആവശ്യകത മുൻകൂട്ടി നിശ്ചയിച്ച് രണ്ട് മാസം മുമ്പേ മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നു തന്നെ ഇന്റന്റ് നൽകി വാങ്ങണമെന്നും, മരുന്നുകൾ ലഭിക്കാൻ കാലതാമസം ഉണ്ടാകുന്ന പക്ഷം അത്യാവശ്യ മരുന്നുകൾ ഹോസ്പിറ്റൽ മാനേജ് കമ്മറ്റിയുടെ അംഗീകാരത്തിന് വിധേയമായി തൽക്കാല ആവശ്യത്തിന് കാരുണ്യ, നീതി സ്റ്റോർ, ജൻ ഔഷധി എന്നിവിടങ്ങളിൽ നിന്ന് വാങ്ങാവുന്നതാണെന്നും സ.ഉ(സാധാ) നമ്പർ 397/ 2017തസ്വഭവ13-2-17 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർക്ക് മരുന്ന് വാങ്ങുന്നതിനായി അലോട്ട് ചെയ്ത മുഴുവൻ തുകയും ഉപയോഗിച്ച് കാരുണ്യ ഹോസ്പിറ്റൽ ഫാർമസിയിൽ നിന്ന് മരുന്ന് വാങ്ങിയ നടപടി അംഗീകരിക്കാനാവില്ല.

മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ടതിൽ ചുവടെ ചേർത്തിരിക്കുന്ന തുകക്കുള്ള ഇൻവോയ്സും, സ്റ്റോക്കിലെടുത്തതിന്റെ വിവരം കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കുകയുണ്ടായി. ആയതിനാൽ അടിയന്തിര ആവശ്യം പരിഗണിച്ചാണ് കാരുണ്യ ഹോസ്പിറ്റൽ ഫാർമസിയിലേക്ക് തുക അടവാക്കിയത് എന്നുള്ള മറുപടി

അംഗീകരിക്കാനാവില്ല. മൊത്തം ചെലവ് 494000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-12 മരുന്നുകൾ മുഴുവനായും ലഭ്യമാക്കാത്തത്

പഞ്ചായത്തിന് കീഴിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് അലോപ്പതി മരുന്നുകൾക്കും, ഹോമിയോ ആശുപത്രിക്ക് ഹോമിയോ മരുന്നുകൾക്കും പാലിയേറ്റീവ്, പരിരക്ഷ പദ്ധതികൾക്കുമായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള തുക കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലും കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോപ്പറേറ്റീവ് സൊസൈറ്റി എന്നിവയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ മുഴുവൻ തുകക്കുള്ള മരുന്നുകൾ ഓഡിറ്റ് തിയ്യതി വരെയും (4-8-17) ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കിയ ശേഷം വിവരം ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

| പ്രൊജക്റ്റ് വിവരം | നിർവഹണ ഉദ്യോഗസ്ഥൻ | ബിൽ നമ്പർ | ആകെ തുക | സപ്ലൈ ചെയ്യാനവശേഷിക്കുന്നത് |
|---|---|---|---|---|
| ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | ഹോമിയോ മെഡിക്കൽ ഓഫീസർ | 1/16-17 | 100000 | മുഴുവൻ തുകക്കുള്ള മരുന്നുകളും ലഭിക്കാൻ അവശേഷിക്കുന്നു. |
| ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | ആയുർവേദ മെഡിക്കൽ ഓഫീസർ | 1/28-2-16<br>2/28-2-16 | 200000<br>100000 | 152511 രൂപക്കുള്ള മരുന്നുകൾ മാത്രം ലഭ്യമായി |

2016-17 വർഷത്തേക്ക് വിഭാവനം ചെയ്ത പദ്ധതിക്കായുള്ള മരുന്നുകൾ 2017-18 വർഷത്തിലും ലഭ്യമാവുന്നില്ലെങ്കിൽ പദ്ധതി ലക്ഷ്യം പദ്ധതി രേഖകളിൽ മാത്രം ഒതുങ്ങി നിൽക്കുകയുള്ളുവെന്ന് ഓർമ്മപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ലഭ്യമാക്കാനുള്ള മരുന്നുകളുടെ വില 1,00,000/-, 1,52,511/- എന്നീ ചെലവുകൾ തടസ്സം ചെയ്യുന്നു.

## 3-13 പരിരക്ഷ പദ്ധതി - മാർഗ്ഗരേഖ പാലിക്കാത്തത്

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവഹണ ഉദ്യോഗസ്ഥനായി നിർവഹണം നടത്തിയ പാലിയേറ്റീവ് പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന വിഷയങ്ങളിൽ വിശദീകരണങ്ങൾ/രേഖകൾ ഹാജരാക്കേണ്ടതാണ്.

(എ). 29-10-2015 ലെ GO(RT)3217/2016 നമ്പർ ഉത്തരവ് പ്രകാരം പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവിൽ പാലിയേറ്റീവ് മാനജ്മെന്റ് കമ്മറ്റി, പാലിയേറ്റീവ് കെയർ നിർവഹണ കമ്മറ്റി എന്നിവ രൂപീകരിക്കാനും, സേവനം ലഭ്യമാക്കേണ്ടവരുടെ വിവരം ചേർത്ത നോമിനൽ രജിസ്റ്റർ, പരിചരണം ആവശ്യമായ രോഗികളുടെ സ്റ്റാറ്റസ് റിപ്പോർട്ട്, ഗൃഹ പരിചരണം ആവശ്യമായ രോഗികളുടെ വിവരം കാണിക്കുന്ന ഫോളോ അപ്പ് ഹോം കെയർ രജിസ്റ്റർ, ഹോം കെയർ പ്ളാനിംഗ് രജിസ്റ്റർ, ഹോം കെയർ റിപ്പോർട്ട്, ഹോം കെയർ റിപ്പോർട്ട് രജിസ്റ്റർ എന്നിവ തയ്യാറാക്കാൻ നിർദേശിക്കുന്നുണ്ട്. 2016-17 വർഷത്തെ ചെലവുമായി ബന്ധപ്പെട്ട പാലിയേറ്റീവ് മാനജ്മെന്റ് കമ്മറ്റി മിനിറ്റ്സ് അടക്കമുള്ള യാതൊരുവിധ രേഖകളും പരിശോധനക്ക് ഹാജരാക്കിയില്ല.

(ബി).പരിചരണ ആവശ്യത്തിന് വാഹനം എപ്രകാരം ഉപയോഗിക്കാമെന്ന് ടി ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ട്രിപ്പിന് 46 km ദൂരം കണക്കാക്കി 1100രൂപ ചെലവിൽ വാഹനം ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും

1.എപ്രകാരമാണ് ഈ ആവശ്യത്തിലേക്കുള്ള വാഹനം ഉപയോഗപ്പെടുത്തുന്നതെന്ന് വ്യക്തമല്ല.

2.മുകളിൽ പരാമർശിച്ച ഹോം കെയർ രജിസ്റ്റർ, പ്ളാനിംഗ് രജിസ്റ്റർ, ഹോം കെയർ റിപ്പോർട്ട് എന്നിവയുടെ അഭാവത്തിൽ അംഗീകരിച്ച പ്ളാൻ, ദൂരം എന്നിവ അനുസരിച്ചുള്ള വാടകയാണോ നൽകുന്നതെന്നും, അനർഹമായി വാടക അനുവദിച്ചിട്ടുണ്ടോയെന്നും പരിശോധിക്കാനായില്ല. 2016-17വർഷത്തിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം

1,51,800/- രൂപ വാടക ഇനത്തിൽ പരിരക്ഷ പദ്ധതിക്ക് മാത്രമായി ചെലവഴിച്ചിട്ടിണ്ട്.

| ബിൽ നമ്പർ | ബിൽ പ്രകാരം പിൻവലിച്ച തുക | വാടക ഇനത്തിലെ ചെലവ് | വിശദവിവരം |
|---|---|---|---|
| 1/18-10-16 | 164750 | 67100 | 4/16 മുതൽ 9/16 വരെ 61 വിസിറ്റിന് 1100രൂപ നിരക്കിൽ അനുവദിച്ചത് |
| 3/28-10-16 | 326660 | 62700 | 10/16 മുതൽ1/17 വരെ 57 വിസിറ്റിന് 1100രൂപ നിരക്കിൽ അനുവദിച്ചത് |
| 6/29-3-17 | 93377 | 22000 | 2/17 മുതൽ 3/17 വരെ 20 വിസിറ്റിന് 1100രൂപ നിരക്കിൽ അനുവദിച്ചത് |
| | ആകെ | 151800 | |

(സി)പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി, പാലിയേറ്റീവ് കെയർ നിർവഹണ കമ്മറ്റി, എന്നീ കമ്മിറ്റികളുടെ ഇടപെടലുകൾ പാലിയേറ്റിവ് പ്രവർത്തനത്തിൽ ശ്രദ്ധേയമല്ല.

(ഡി).മേൽ മാർഗ്ഗ ഖണ്ഡിക 2.6.2 ൽ കൂടുതൽ പരിചരണം ആവശ്യമായ 8 രോഗികളെങ്കിലും ഒരു ദിവസം സന്ദർശിക്കാൻ കഴിയുന്ന വിധത്തിൽ ഹോം കെയർ ആസൂത്രണം ചെയ്യണമെന്നും, ഒരു മാസം ചുരുങ്ങിയത് 16 ഹോം വിസിറ്റെങ്കിലും നടത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മുകളിൽ പരാമർശിച്ച രജിസ്റ്ററുകളുടെ അഭാവത്തിൽ ഹോം കെയർ പ്രവർത്തനം വിലയിരുത്താനായില്ല. എന്നാൽ വാടക ട്രിപ്പ് ഷീറ്റ് പരിശോധിച്ചതിൽ ഓഡിറ്റ് വർഷം ആകെ 138, അതായത് ഒരു മാസത്തിൽ ശരാശരി 12 വിസിറ്റ് മാത്രമാണ് നടത്തി കാണുന്നത്.

അപാകതകൾക്ക് വിശദീകരണം/ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് നൽകിയ മറുപടി തൃപതികരമല്ല. വിഷയം പഞ്ചായത്ത് കമ്മറ്റി, പാലിയേറ്റീവ് മാനജ്മെന്റ് കമ്മറ്റി, പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റി, എന്നിവയിൽ ചർച്ച ചെയ്ത് വിശദമായ മറുപടി ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 3-14 റി -ഇൻഫോഴ്സ്മെന്റ് അനുവദിച്ചതിൽ -അപാകത

നിർവഹണ ഉദ്യോഗസ്ഥൻ-അസി.എഞ്ചിനിയർ

ഓഡിറ്റ് വർഷം നിർവഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവൃത്തിയിൽ റി-ഇൻഫോഴ്സ്മെന്റ് അധികം അനുവദിച്ചതായി കാണുന്നു.

| | |
|---|---|
| പ്രവൃത്തി | ചോക്കാട് GUP സ്കൂളിൽ കിണർ നിർമാണം |
| എഗ്രിമെന്റ് | 40/31-3-17 |
| കൺവീനർ | ബാല ഗോവിന്ദൻ |

| | |
|---|---|
| എം- ബുക്ക് | 86/15-16 |
| വൗച്ചർ | 67/31-3-17 |
| മൂല്യ നിർണ്ണയ തുക | 169459 |

10.5 m താഴ്ചയിൽ കിണർ കുഴിച്ച് 12m താഴ്ചയിൽ RCC റിംഗ് നിർമ്മിച്ചതിന് മേൽ പ്രവൃത്തിയിൽ അനുവദിച്ച കമ്പിയുടെ അളവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കോൺക്രീറ്റിന്റെ അളവ് | 30x3.14x2.19x0.09x0.4 | ശരാശരി 2.19മീ വ്യാസമുള്ള 0.4 മീ ഉയരമുള്ള 30 റിംഗ്കൾ തയ്യാറാക്കി |
| ഫോം വർക്കിന്റെ അളവ് | 30x3.14x2.271x0.4<br>30x3.14x2.102x0.4 | |
| റി ഇൻഫോഴ്സ്മെൻ്റിന്റെ അളവ് | 30x4x7.40x0.395kg/m(8mm)<br>30x22x0.30x0.617kg/m(10mm) | 0.4 മീ ഉയരമുള്ള ഒരു റിംഗിൽ 4 എണ്ണം വിലങ്ങനെയും 22 എണ്ണം കുത്തനെയും അനുവദിച്ചു |

വിലങ്ങനെ 4 എണ്ണം വീതം 8mm അനുവദിച്ചതിൽ അപാകതയില്ല. എന്നാൽ റിംഗിന്റെ ചുറ്റളവ് 6.9m മാത്രമാണ്. ആയതിലേക്ക് പരമാവധി 7m മാത്രമേ വിലങ്ങനെ അനുവദിക്കാവൂ. പകരം 7.4m നീളത്തിലാണ് അനുവദിച്ചിട്ടുള്ളത്. 9cm കനമുള്ള RCC റിംഗിന് കുത്തനെ 40cm അകലത്തിൽ മാത്രം 8mm അനുവദിച്ചാൽ മതിയെന്നിരിക്കെ 30 cm അകലത്തിൽ 10mm അനുവദിച്ചതും (18 എണ്ണത്തിനു പകരം 22 അനുവദിച്ചതിലും) 8mm നു പകരം 10mm അനുവദിച്ചതും അധിക ചെലവിന് ഇടയാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ തന്നെ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ ഇതേ അളവുകൾ പ്രകാരമുള്ള മരുതങ്ങാട് അംഗനവാടി (project no-130/16) ക്ക് ടി സാങ്കേതിക ഉദ്യോഗസ്ഥർ തന്നെ മൂല്യം അംഗീകരിച്ചത് പ്രത്യകം കാണുക. ഇത്തരത്തിൽ അധിക അളവ് അനുവദിച്ചതിന് നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഓഡിറ്റ് എൻക്വയറി മുഖേന വിശദീകരണം ആവശ്യപ്പെട്ടതിന് യാതൊരു മറുപടിയും ഹാജരാക്കിയില്ല. ചുവടെ ചേർത്തിരിക്കുന്ന പ്രകാരം 5960 രൂപ അധിക ചെലവായി കണക്കാക്കുന്നു.

| അനുവദനീയമായത് | അനുവദിച്ചത് | അധിക ചെലവ് |
|---|---|---|

| | | |
|---|---|---|
| 30x7x4 =840m<br>30x18x0.30 =162m<br>ആകെ 1002m @0.395kg/m =395.79 | 472.92kg | 77.13 kg@77.27/Kg=5960രൂപ |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2016-17 വർഷത്തിൽ ലഭിച്ച 12265/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14<br>2014-15 | 2-2 | 10719 | ശ്രീ.കെ.പി.യഹ്യ, സെക്രട്ടറി | 11603101110 / 30.08.2016 |
| 2008-09 | 2-4 | 83 | ശ്രീ.കെ.കെ.സത്യകുമാരൻ, സെക്രട്ടറി | 11603102903 / 16.01.2017 |

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09 | 2-4 | 113 | ശ്രീ.കെ.കെ.സത്യകുമാരൻ, സെക്രട്ടറി | 11603102904 / 16.01.2017 |
| 2008-09 | 2-5 | 1350 | ശ്രീ.കെ.കെ.സത്യകുമാരൻ, സെക്രട്ടറി | 11603102905 / 16.01.2017 |
| ആകെ | | 12265/- | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 77121978.4 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54938178 |
| വരവിനങ്ങളിലുള്ള നഷ്ടം | 2400 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5960 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3006662 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2400 | -- | ശ്രീ. സത്യകുമാരൻ .കെ.കെ , സെക്രട്ടറി |
| 3-14 | --- | 5960 | ശ്രീ. സുബിൻ .എസ്.ജെ , അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 180000 | ശ്രീ. സിദ്ദീഖ് വടക്കൻ, സെക്രട്ടറി |

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 20,00,000 | ശ്രീ. സിദ്ദീഖ് വടക്കൻ, സെക്രട്ടറി |
| | 150000 | ശ്രീ. സത്യകുമാരൻ .കെ.കെ, സെക്രട്ടറി |
| 3-9 | 94788 | ശ്രീ. സുബിൻ .എസ്.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | 87874 | ഡോ. ബിനു. പി.ടി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-11 | 494000 | ഡോ. ബിനു. പി.ടി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-12 | 2,52,511 | 1. ഡോ. സാബിറ. കെ.പി., മെഡിക്കൽ ഓഫീസർ (ഹോമിയോ) – 1,00,000/-<br>2. ഡോ.കേശിനി.വി.കെ., മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) – 1,52,511/- |
| ആകെ | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സത്യകുമാരൻ.കെ.കെ, സെക്രട്ടറി | സെക്രട്ടറി, ചോക്കാട് ഗ്രാമ പഞ്ചായത്ത്. | കിടങ്ങയത്ത് വീട്,<br>അമരമ്പലം പി.ഒ,<br>മലപ്പുറം, 679332 |
| ശ്രീ. സുബിൻ .എസ്.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി<br>സബ് ഡിവിഷൻ, കാളികാവ് | എസ്.ജെ വില്ല,<br>ഞാവേലിക്കോണം, കിളിമാനൂർ,<br>തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | | ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2000-01 | എൽ.എഫ്.എം.15/1580/05 തി.11.07.2006 | 3 |
| 2001-02 | എൽ.എഫ്.എം.15/1062/07 തി.06.02.2009 | 27 |
| 2002-03 | എൽ.എഫ്.എം.15/934/05 തി.06.02.2009 | 11 |
| 2003-04 | എൽ.എഫ്.എം.15/935/09 തി.13.01.2019 | 16 |
| 2004-05 | എൽ.എഫ്.എം.15/1892/08 തി.12.08.2010 | 39 |
| 2005-06 | എൽ.എഫ്.എം.6/405/2011 തി.30.10.2011 | 26 |
| 2006-07 | എൽ.എഫ്.എം.6/1131/09 തി.29.07.2011 | 25 |
| 2007-08 | എൽ.എഫ്.എം.6/1195/2011 തി.02.09.2011 | 14 |
| 2008-09 | എൽ.എഫ്.എം.6/295/2012 തി.29.03.2012 | 18 |
| 2009-10 | എൽ.എഫ്.എം.6/296/2012 തി.04.02.2012 | 25 |
| 2010-11 | എൽ.എഫ്.എം.6/916/2012 തി.13.07.2012 | 23 |
| 2011-12 & 2012-13 | കെ.എസ്.എ.എം.പി.എം.6/1526/15 തി.31.08.15 | 23 |
| 2013-14 & 2014-15 | കെ.എസ്.എ.എം.പി.എം.6/2111/16 തി.09.08.16 | 11 |
| 2015-16 | കെ.എസ്.എ.എം.പി.എം.26/3448/16 തി.06.02.17 | 16 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം26/1948/2017

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി .13-10-2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചോക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷികധനകാര്യ പത്രിക വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003 ജൂൺ 12ലെ ജി.ഒ.(പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

## അനുബന്ധം - 2

# AUDIT CERTIFICATE

No. KSA/MPM.26/1948/2017

Kerala State Audit Department,
District Office, Malappuram.
Date .13-10-2017

Certified that I have Audited the Annual Financial Statement of Chokkad Grama Panchayath in Malappuram District for the year 2016-17 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the Kerala Panchayat Raj Act 1994, the rules there under and the guidelines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Chokkad Grama Panchayath for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

DeputyDirector,
Kerala State Audit Department,
District Office, Malappuram.